പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1550** **16-10-2026-ൽ മറുപടിയ്ക്ക്**

## സ്വകാര്യ എൻട്രൻസ് കോച്ചിംഗ് സെന്ററുകളുടെ പ്രവർത്തനം

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** എൻട്രൻസ് കോച്ചിംഗ് എന്ന പേരിൽ സ്വകാര്യ സ്ഥാപനങ്ങൾ വൻതോതിൽ ഫീസ് ഈടാക്കി കോച്ചിംഗ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** ഇത്തരത്തിൽ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിബന്ധനകളോ നിയമങ്ങളോ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

**മറുപടി:** ക്രിമിനൽ അപ്പീൽ നം. 3177/2025 -ലെ ബഹു. സുപ്രീം കോടതിയുടെ 25/07/2025 തീയതിയിലെ ഉത്തരവിലെ നിർദ്ദേശ പ്രകാരം സ്വകാര്യ കോച്ചിംഗ് സെൻ്ററുകളുടെ രജിസ്ട്രേഷൻ, വിദ്യാർത്ഥി സംരക്ഷണ മാനദണ്ഡങ്ങൾ, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട് (സ.ഉ(സാധ) 1155/2026/ഉവിവ തീയതി 10-09-2026). ഇതു സംബന്ധിച്ച തുടർ നടപടികൾ നടന്നു വരികയാണ്.

**(സി)** ഇത്തരം സ്ഥാപനങ്ങൾ നടത്തുന്നതിന് ഏതെങ്കിലും രീതിയിലുള്ള ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ക്രിമിനൽ അപ്പീൽ നം. 3177/2025 -ലെ ബഹു. സുപ്രീം കോടതിയുടെ 25/07/2025 തീയതിയിലെ ഉത്തരവിലെ നിർദ്ദേശ പ്രകാരം സ്വകാര്യ കോച്ചിംഗ് സെൻ്ററുകളുടെ രജിസ്ട്രേഷൻ, വിദ്യാർത്ഥി സംരക്ഷണ മാനദണ്ഡങ്ങൾ, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട് (സ.ഉ(സാധ) 1155/2026/ഉവിവ തീയതി 10-09-2026). ഇതു സംബന്ധിച്ച തുടർ നടപടികൾ നടന്നു വരികയാണ്.

**(ഡി)** സ്വകാര്യ പരിശീലന കേന്ദ്രങ്ങളെ ആശ്രയിക്കാതെ, സംസ്ഥാനത്തെ എത്ര വിദ്യാർത്ഥികൾക്കാണ് നീറ്റ്, ജെ.ഇ.ഇ. അഡ്വാൻസ്ഡ് തുടങ്ങിയ പ്രവേശന പരീക്ഷകൾ വഴി പ്രവേശനം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച കണക്കുകൾ സർക്കാരിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ഇത്തരം വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല.

**(ഇ)** സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരീക്ഷകൾക്ക് ആവശ്യമായ സൗജന്യ പരിശീലനം നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി (KITE) യുടെ നേതൃത്വത്തിൽ കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കായ് 'കീ ടു എൻട്രൻസ്' (KEY TO ENTRANCE) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി തികച്ചും സൗജന്യമായാണ് നടത്തി വരുന്നത്. വിദ്യർത്ഥികൾക്ക് NEET, JEE, KEAM, CUET തുടങ്ങിയ പ്രവേശന പരീക്ഷകൾ വിജയിക്കുന്നതിനായാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പഠന മാധ്യമമായ KITE ന്റെ ഓൺലൈൻ പോർട്ടൽ, KITE VICTERS ചാനൽ, യൂട്യൂബ് എന്നിവ വഴി വിദ്യാർഥികൾക്ക് പഠനത്തിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. സർക്കാരിന്റെ 'മുകുളം' പദ്ധതി വഴി ടി പരിശീലന പരിപാടി ഊർജ്ജിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹയർ സെക്കന്ററി നോഡൽ ഉപഡയറക്ടർമാർ, പ്രിൻസിപ്പാൾമാർ എന്നിവർക്ക് ആയതിന്റെ വിശദാംശങ്ങൾ നൽകിയിട്ടുള്ളതും, KITE ന്റെ ഓൺലൈൻ പോർട്ടൽ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് ലോഗിൻ ചെയ്യുന്നതിന് അവസരം സൃഷ്ടിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**